(ബി) 18-12-2001-ലെ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽപ്പോലും തുക വക കൊള്ളിച്ച ഈ പ്രവൃത്തി അടിയന്തിരമായി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചുകഴിഞ്ഞു. മേൽ പ്രവൃത്തി ഉടൻതന്നെ തുടങ്ങുന്നതാണ്.

തിരുവമ്പാടി-മണ്ടാംകടവ് റോഡ്

61 [5711] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻപ് ടെണ്ടർ ചെയ്തതും ജില്ലാ പഞ്ചായത്തിന് കൈമാറിയതുമായ തിരുവമ്പാടി-മണ്ടാംകടവ് റോഡ് വീണ്ടും പി. ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് എം. ഡി. ആർ. ആയി അംഗീകരിച്ച് പ്രവൃത്തി നടത്തണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) റോഡിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് എത്രയുംവേഗം ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് വീണ്ടും ഏറ്റെടുത്ത് എം. ഡി. ആർ. ആയി വികസിപ്പിക്കാനുള്ള പഞ്ചായത്ത് നിർദ്ദേശം പരിഗണനയിലാണ്.

കൂടരഞ്ഞി-പൂവാറംതോട്-നായാടംപൊയിൽ റോഡ്

62 [5712] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കൂടരഞ്ഞി-പൂവാറംതോട്-നായാടംപൊയിൽ റോഡ് ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകാനും അടിയന്തിരമായി ഗതാഗത യോഗ്യമാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡിൽ കി. മീ. 3/775 മുതൽ 7/275 വരെയുള്ള ഭാഗത്തെ പണികൾ പുരോഗമിക്കുന്നു. 12/500 മുതൽ 30/070 വരെയുള്ള ഭാഗത്തെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗത്തെ പ്രവൃത്തികൾക്കായി 412 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly